# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 23, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 10 പേർക്ക് രോഗം സ്ഥിരീകരിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ല യിൽ നിന്നും ഓരോപേർക്കും, കോട്ടയം, കോഴിക്കോട് ജില്ലയിൽ നിന്ന് 2 പേർക്കും, ഇടുക്കി ജില്ലയിൽ നാല് പേർക്കുമാണ് ഇന്ന് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹു മാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 8 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും 6 പേരുടെയും, മലപ്പുറം, കണ്ണൂർ ജില്ല യിൽ നിന്നും ഓരോരുത്തരുടെയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച് 129 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങ ളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 23876 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 23439 പേർ വീടുകളിലും 437 പേർ ആശുപത്രിക ളിലുമാണ്. ഇതുവരെ 21334 സാമ്പിളുകൾ പരിശോധിച്ചതിൽ 20326 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 24,75,723 കേസ്സുകളും, 1,69,151 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 21,393 കേസ്സുകളും, 681 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1408 പുതിയ കേസ്സുകളും, 41 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നില വിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെയും, രോഗംഭേദമായവരുടേയും ആരോഗ്യനില യെക്കുറിച്ചുള്ള വിശകലനവും നടത്തി. രോഗം സ്ഥിരീകരിച്ചവരുടെ പഞ്ചായത്ത് തിരി ച്ചുള്ള വിവരങ്ങളും അവതരിപ്പിച്ചു. ഐ സി എം ആർ അനുമതി ലഭിച്ച എറണാകുളം, കോട്ടയം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ടെസ്റ്റിംഗ് ആരംഭിച്ചു. നിലവിൽ 14 പൊതുമേഖലാ ലാബുകളിലും, 2 സ്വകാര്യമേഖലാ ലാബുകളിലും പരിശോധന നടക്കു ന്നു. കണ്ണൂരിൽകൂടി പ്രവർത്തനക്ഷമമാകുന്നതോടെ 15 പൊതുമേഖലാ ലാബുകളിലായി 3500 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകും. കണ്ണൂർ,

കാസർഗോഡ് ജില്ലകളിൽ നിന്ന് 418 സാമ്പിളുകൾ സാമൂഹിക നിരീക്ഷണത്തിനായി ശേഖരിച്ചിരുന്നു. ഇതിൽ 355 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. 63 സാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി 121 സാമ്പിളുകൾ പരിശോധിച്ചതിൽ 107 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. 14 സാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കാനുണ്ട്. തിരുവനന്തപുരം എറണാകുളം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കോവിഡ് 19 കണ്ടുപിടിക്കാനുള്ള ജീൻ എക്സ്പേർട്ട് പരിശോധന ആരംഭിക്കുവാനായി 1000 കാട്രിഡ്ജുകൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. അടിയന്തിര കേസുകളിൽ ഇതുവഴി 45 മിനിറ്റിനുള്ളിൽ പരിശോധനാഫലം ലഭിക്കുന്നതാണ്. കെ. എം. എസ്. സി .എൽ. ൽ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ട്. പാലക്കാട് അതിർത്തിയിലുള്ള 600 പേരുടെ സാമ്പിൾ പൂൾ ചെയ്യുന്നത് വഴി 120 കിറ്റുപയോഗിച്ച് ആർ ജി സി ബി യിലോ, ആലപ്പുഴ എൻ ഐ വി യൂണിറ്റിലോ ചെയ്യാൻ സാധിക്കും. ഇത്തരത്തിൽ റെഡ് സോൺ ജില്ലകളിലും, പാലക്കാടും 3000 മുതൽ 4000 പേരുടെ വരെ പരിശോധന നടത്താൻ സാധിക്കും. കോഴിക്കോട് ജില്ലയിൽ ഇഖ്ര ഹോസ്പിറ്റലിലെ ഒരു നേഴ്സ് പോസിറ്റീവ് ആകാനുണ്ടായ സാഹചര്യം മുഖ്യമന്ത്രി ആരാഞ്ഞു. ധാരാളം രോഗികൾ വന്നുപോകുന്ന സ്ഥലമായതിനാൽ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി കോണ്ടാക്റ്റ് ട്രെയ്സിങ്ങ് നടക്കുന്നതായും സമ്പർക്കമുണ്ടായ എല്ലാവരേയും നിരീക്ഷണത്തിലാക്കിയിട്ടുണ്ടെന്നും അറിയിച്ചു. പോസിറ്റീവ് ടെസ്റ്റ് റിസൾട്ട് ലഭിച്ചാലുടൻ തന്നെ ബന്ധപ്പെട്ട ജില്ലയിലെ ഡി എസ് ഒ മാരെ അറിയിച്ച് കോൺടാക്റ്റ് ട്രെയ്സിങ്ങും മറ്റ് തുടർ നടപടികളും സ്വീകരിക്കാറുണ്ട്. ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശരിയല്ല.

## ചീഫ് സെക്രട്ടറി

എല്ലാ ജില്ലകളിലേയും ജില്ലാ കളക്ടർ, എസ് പി, ഡി എം ഒ എന്നിവരുമായി ഇന്നലെ വീഡിയോ കോൺഫറൻസ് നടത്തുകയും ലോക്ക്ഡൗൺ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. അവരിൽ നിന്നുള്ള ഫീഡ്ബാക്കും ശേഖരിച്ചു. ഇത് പ്രകാരം നാളെ മുതൽ ചെയ്യേണ്ട കാര്യങ്ങൾ ചീഫ് സെക്രട്ടറി അറിയിച്ചു. കോഴിക്കോട്, മലപ്പുറം, കണ്ണൂർ കാസർഗോഡ് ജില്ലകൾ റെഡ്സോൺ ആയി തന്നെ നിലനിർത്തേണ്ടതുണ്ട്. മറ്റ് ജില്ലകൾ ഓറഞ്ച് സോണുകളായും നിലനിർത്തേണ്ടതുണ്ട്. കൂടെ കൂടെ സോൺ മാറുന്നത് ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. എല്ലാ റെഡ്സോൺ ജില്ലകളും മെയ് 3 വരെ ലോക്ക്ഡൗണിൽ തന്നെ ആയിരിക്കും. മറ്റ് ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം ഇളവുകൾ അനുവദിക്കാവുന്നതാണ്. ജില്ലാ കളക്ടർമാർക്ക് ആവശ്യമെങ്കിൽ ഇളവുകളിൽ മാറ്റം വരുത്താവുന്നതാണ്. പഞ്ചായത്തുകൾ ഹോട്ട്സ്പോട്ട് ആകുമ്പോൾ ആ പഞ്ചായത്ത് മുഴുവനായി ലോക്ക്ഡൗൺ ആയിരിക്കും. എന്നാൽ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും ഹോട്ട്സ്പോട്ട് ആകുമ്പോൾ ബന്ധപ്പെട്ട വാർഡ്/ ഡിവിഷൻ മാത്രമേ ലോക്ക്ഡൗൺ ആകേണ്ടതുള്ളൂ. ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ ഇളവുകൾ അനുവദിക്കാൻ പാടില്ല. എന്നാൽ ഓറഞ്ച് സോണിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം ഇളവുകൾ അനുവദിക്കാവുന്നതാണ്. പാലക്കാട് പോലുള്ള ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ ശക്തമായ പരിശോധന ഉണ്ടാകണം. അടിയന്തിര സാഹചര്യങ്ങളിൽ മാത്രമേ സംസ്ഥാ